REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തമിഴ്നാട് മുഖ്യമന്ത്രിയായി തമിഴക വെട്രി കഴകം നേതാവ് C.ജോസഫ് വിജയ്, അധികാരമേറ്റു. വിജയ്-നെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.**
- **കേരളത്തിലെ മുഖ്യമന്ത്രിയെ കോൺഗ്രസ്സ് ഹൈക്കമാൻഡ് ഇന്നോ നാളെയോ പ്രഖ്യാപിച്ചേക്കും.**
- **മൂന്ന് സംസ്ഥാനങ്ങളിലെ BJPയുടെ വിജയം, കേന്ദ്ര നയങ്ങൾക്ക് ജനങ്ങൾ നൽകുന്ന പിന്തുണയുടെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ന് അന്താരാഷ്ട്ര മാതൃ ദിനം.**
- **ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, കൊച്ചിയിൽ മൊഹമ്മദൻസ് SC യെ നേരിടും.**

## വാർത്തകൾ വിശദമായി

തമിഴ്നാട്ടിൽ തമിഴക വെട്രി കഴകം നേതാവ് C ജോസഫ് വിജയ്, തമിഴ്നാട് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. തമിഴ്നാട് ഗവർണറുടെ അധിക ചുമതല വഹിക്കുന്ന കേരള ഗവർണർ, രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വിജയ്ക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയടക്കം പ്രമുഖരും, മുന്നണി നേതാക്കളും, പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു. ചെന്നൈ നെഹ്റു സ്റ്റേഡിയത്തിലായിരുന്നു ചടങ്ങ്. ഒൻപത് TVK മന്ത്രിമാരും വിജയ്ക്കൊപ്പം സ്ഥാനമേറ്റു.

59 വർഷത്തിനുശേഷം ആദ്യമായാണ് ദ്രാവിഡേതര കക്ഷിയുടെ ഗവൺമെന്റ്, തമിഴ്നാട്ടിൽ അധികാരമേൽക്കുന്നത്. 1967ന് ശേഷം കോൺഗ്രസ് ആദ്യമായി മന്ത്രിസഭയുടെ ഭാഗമാകുന്നതും സവിശേഷതയാണ്.

234 അംഗ നിയമസഭയിൽ 120 MLA മാരുടെ പിന്തുണ ഉറപ്പാക്കുന്ന കത്തുകൾ, ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് മുന്നിൽ സമർപ്പിച്ചതോടെയാണ് വിജയ്- നെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ അദ്ദേഹം ക്ഷണിച്ചത്. VCK, IUML പാർട്ടികളുടെ രണ്ട് വീതം അംഗങ്ങളുടെ പിന്തുണ ലഭിച്ചതോടെയാണ് TVK-യ്ക്ക് ഭൂരിപക്ഷം ഉറപ്പാക്കാനായത്. കോൺഗ്രസ്, CPI, CPIM കക്ഷികളും അദ്ദേഹത്തെ പിന്തുണച്ചു. അടുത്ത ബുധനാഴ്ചക്കകം നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാനും ഗവർണർ നിർദ്ദേശം നൽകി.

✪✪✪

മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ദിവസം തന്നെ മുഖ്യമന്ത്രി വിജയ്, മൂന്ന് ഉത്തരവുകൾ പുറപ്പെടുവിച്ചു. സ്ത്രീ സുരക്ഷയ്ക്കും, മയക്കുമരുന്ന് നിയന്ത്രണത്തിനും, 200 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾക്ക് അത് സൗജന്യമായി നൽകുന്നതിനുമാണ് അദ്ദേഹം ഉത്തരവിൽ ഒപ്പുവെച്ചത്.

വിശപ്പിന്റെ വില അറിയാവുന്ന ആളാണ് താനെന്നും പൊതുപണം ദുരുപയോഗം ചെയ്യില്ലെന്നും, അതിന് ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം സത്യപ്രതിജ്ഞയ്ക്ക്ശേഷം ചടങ്ങിൽ സംബന്ധിക്കാനെത്തിയവർക്ക് ഉറപ്പുനൽകി.

ഗവൺമെന്റിന്റെ പ്രവർത്തനം സുതാര്യമായിരിക്കും. അഴിമതിക്ക് ഭരണത്തിൽ സ്ഥാനമുണ്ടാവില്ലെന്നും, പല അധികാര കേന്ദ്രങ്ങളുണ്ടാകില്ലെന്നും വിജയ് വ്യക്തമാക്കി.

✪✪✪

തമിഴ്നാട് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത വിജയ്-നെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ജനജീവിതം മെച്ചപ്പെടുത്താൻ കേന്ദ്രം, തമിഴ്നാടുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് സാമൂഹ്യമാധ്യമത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

വിവാദങ്ങൾക്കും ചർച്ചകൾക്കും ഒടുവിൽ കേരള മുഖ്യമന്ത്രിയെ സംബന്ധിച്ച അന്തിമ തീരുമാനം ഇന്നോ നാളെയോ പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും ചേർന്ന് എടുക്കുമെന്ന് കോൺഗ്രസ് ഹൈക്കമാൻഡ് അറിയിച്ചു.

ഇന്നലെ ന്യൂഡൽഹിയിൽ മല്ലികാർജ്ജുൻ ഖാർഗെയുമായും മറ്റ് നേതാക്കളുമായും കേരളത്തിലെ നേതാക്കൾ ചർച്ച നടത്തി. പ്രതിപക്ഷ

നേതാവ് VD സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ, KPCC പ്രസിഡണ്ട് സണ്ണി ജോസഫ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

മുഖ്യമന്ത്രി പദവിയ്ക്കു വേണ്ടി ശക്തിപ്രകടനവും, ഫ്ലക്സുകളും, പോസ്റ്ററുകളും, നേതാക്കൾ ഉപയോഗിക്കരുതെന്ന് നേതൃത്വം ആവശ്യപ്പെട്ടു. ഇതേ തുടർന്ന് മൂന്ന് നേതാക്കളും ഇത്തരം പ്രചാരണങ്ങൾ നടത്തരുതെന്ന് അണികളോട് അഭ്യർത്ഥിച്ചു. ചർച്ചയ്ക്കു ശേഷം VD സതീശൻ പുലർച്ചെയോടെ നെടുമ്പാശ്ശേരിയിലെത്തി.

✪✪✪

പുതുച്ചേരി മുഖ്യമന്ത്രിയായി N രംഗസാമിയെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. രംഗസാമി അടുത്ത ബുധനാഴ്ച മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതിയുടെ വിജ്ഞാപനത്തെ തുടർന്ന് ലെഫ്റ്റനന്റ് ഗവർണർ K കൈലാസ്നാഥൻ, രംഗസാമിയെ ഗവണ്മെന്റ് രൂപീകരണത്തിന് ക്ഷണിച്ചു. അഞ്ചാം തവണയാണ് AINRC നേതൃത്വം നൽകുന്ന NDA, പുതുച്ചേരിയിൽ ഭരണത്തിലെത്തുന്നത്.

✪✪✪

ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ ഓരോ വോട്ടറും പങ്കാളിയാകണമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. കേരളം, തമിഴ്നാട്, പുതുച്ചേരി, പശ്ചിമബംഗാൾ, അസം എന്നിവിടങ്ങളിലെ വിജയകരവും സമാധാനപരവുമായ തെരഞ്ഞെടുപ്പുകളിൽ സംതൃപ്തി പ്രകടിപ്പിച്ച് തിരുപ്പതിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഗ്യാനേഷ് കുമാർ.

✪✪✪

പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ BJPയുടെ വിജയം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ദേശീയ നയങ്ങളോട് പൊതുജനങ്ങളുടെ പിന്തുണയ്ക്ക് തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ബെംഗളൂരുവിൽ BJP പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പശ്ചിമ ബംഗാളിൽ വെറും മൂന്ന് സീറ്റുകളിൽ നിന്നാണ് പാർട്ടി ആരംഭിച്ചതെന്നും, 10 വർഷത്തിനുള്ളിൽ വലിയ പിന്തുണയോടെയാണ് ഗവൺമെന്റ് രൂപീകരിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയും തെലങ്കാനയും സന്ദർശിക്കും. അല്പസമയത്തിനകം കർണാടകയിലെത്തുന്ന അദ്ദേഹം ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. കൂടാതെ ആർട്ട് ഓഫ് ലിവിംഗ് ഇന്റർനാഷണൽ സെന്ററിൽ പുതുതായി നിർമ്മിച്ച ധ്യാൻമന്ദിറും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

തുടർന്ന് ഹൈദരാബാദിലേക്ക് പോകുന്ന പ്രധാനമന്ത്രി, ഉച്ചകഴിഞ്ഞ് ഹൈദരാബാദിൽ 9,400 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. വാറങ്കലിൽ PM മിത്ര പാർക്ക്, പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. രാത്രി നരേന്ദ്രമോദി ഗുജറാത്തിലേക്ക് തിരിക്കും.

✪✪✪

രണ്ട് ദിവസത്തെ CPIM പോളിറ്റ് ബ്യൂറോ യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. കേന്ദ്ര കമ്മിറ്റി ഓഫീസായ AKG ഭവനിലാണ് യോഗം ചേരുന്നത്. നിയമസഭാ തിരഞ്ഞെടുപ്പ് ഫലവും, സമകാലിക രാഷ്ട്രീയ സംഭവ വികാസങ്ങളും യോഗം ചർച്ച ചെയ്തേക്കും.

✪✪✪

രാജ്യത്തെ പ്രളയ-ഉഷ്ണതരംഗ സാഹചര്യം നേരിടാൻ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും. കേന്ദ്ര ഏജൻസികളുടെ തയ്യാറെടുപ്പുകൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ, വിഭവങ്ങളുടെ വിന്യാസം, ഏജൻസികൾ തമ്മിലെ ഏകോപനം എന്നിവ മന്ത്രി യോഗത്തിൽ വിലയിരുത്തും.

✪✪✪

സംസ്ഥാനത്ത് അടുത്ത ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള ലക്ഷദ്വീപ് തീരങ്ങളിൽ അടുത്ത നാലു ദിവസം മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ആകാശവാണിയുടെ അഖില കേരള റേഡിയോ നാടകോത്സവത്തിന് തുടക്കം കുറിച്ച് ഇന്ന് തിരനോട്ടം എന്ന ആമുഖ പരിപാടി രാത്രി ഒമ്പതരയ്ക്ക് പ്രക്ഷേപണം ചെയ്യും. നാളെ മുതൽ ഈ മാസം 18 വരെ രാത്രി 9.30 നാണ്

നാടക പ്രക്ഷേപണം. ഉച്ചയ്ക്ക് ഒരുമണിക്ക് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും. ശബ്ദവിസ്മയവുമായി മലയാളത്തിന്റെ പ്രിയ നടൻ മോഹൻലാൽ ഇത്തവണ നാടകോത്സവത്തിന്റെ ഭാഗമാകും. ആദ്യത്തെയും അവസാനത്തെയും നാടകങ്ങളിൽ അദ്ദേഹം പങ്കെടുക്കുന്നുണ്ട്.

കേരളത്തിലെ എല്ലാ ആകാശവാണി നിലയങ്ങളിലൂടെയും 'NewsOnAir' ആപ്പിലൂടെയും ശ്രോതാക്കൾക്ക് നാടകങ്ങൾ ആസ്വദിക്കാം.

✪✪✪

ഇന്ന് അന്താരാഷ്ട്ര മാതൃ ദിനം. എല്ലാ വർഷവും മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് അന്താരാഷ്ട്ര മാതൃ ദിനമായി ആചരിക്കുന്നത്. കുട്ടികളുടെ ക്ഷേമത്തിന് ഉറക്കമില്ലാത്ത രാത്രികളും, കഠിനാധ്വാനം ചെയ്യുന്ന പകലുകളും നീക്കിവയ്ക്കുന്ന എല്ലാ അമ്മമാരെയും ആദരിക്കുന്നതിന് ദിനാചരണം ലക്ഷ്യമിടുന്നു. ആഭ്യന്തര യുദ്ധങ്ങളിൽ പരിക്കേറ്റവരെ പരിപാലിച്ച അന്നാ ജാർവിസ് എന്ന സമാധാന സംരക്ഷക, അവരുടെ അമ്മയ്ക്കായി പ്രത്യേക സ്മാരകം തീർത്ത 1908 മുതലാണ് അന്താരാഷ്ട്രമാതൃദിനാചരണം ആരംഭിച്ചത്.

✪✪✪

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചോലവനമായ ഇടുക്കി മന്നവൻചോലയിൽ സഞ്ചാരികൾക്ക് ആനമുടി ചോല ദേശീയോദ്യാനം താമസസൗകര്യമൊരുക്കി. വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ മെത്താപ്പിലാണ് ലോഗ് ഹൗസും സ്റ്റോൺ ഹൗസും സജ്ജമാക്കിയിരിക്കുന്നത്.

ഇടുക്കിയിൽ നിന്ന് രതീഷ്കൃഷ്ണ....

.......വോയ്സ്........

അഞ്ഞൂറിലധികം വർഷം പഴക്കമുള്ള അപൂർവ്വ മരങ്ങളാൽ സമ്പന്നമായ മന്നവൻചോലയുടെ ഹൃദയഭാഗത്താണ് ഈ വിനോദസഞ്ചാര കേന്ദ്രം. കടുവയും പുലിയും ഉൾപ്പെടെയുള്ള വന്യജീവികളുടെ വിഹാരകേന്ദ്രമാണെങ്കിലും അതീവ സുരക്ഷിതമായാണ് ലോഗ് ഹൗസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. മറയൂർ, കാന്തല്ലൂർ, വട്ടവട മലനിരകളുടെ ആകാശക്കാഴ്ചകൾ മെത്താപ്പിലെ ഈ താമസസ്ഥലത്തുനിന്നും ദൃശ്യമാകും.

മൂന്നാറിൽ നിന്ന് വട്ടവടയിലേക്കുള്ള യാത്രയിൽ കുണ്ടള ഡാമിൽ നിന്നും ഒൻപത് കിലോമീറ്റർ സഞ്ചരിച്ചാൽ മെത്താപ്പിലെത്താം. രണ്ട് പേർക്ക് ഭക്ഷണമുൾപ്പെടെ മൂവായിരം രൂപയാണ് നിരക്ക്. പ്രകൃതിയുമായി

അടുത്തുനിന്നുള്ള വേറിട്ടൊരു യാത്രാനുഭവമാണ് വനംവകുപ്പ് ഇവിടെ സഞ്ചാരികൾക്കായി കാത്തുവെച്ചിരിക്കുന്നത്.

✪✪✪

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചോലവനമായ ഇടുക്കി മന്നവൻചോലയിൽ സഞ്ചാരികൾക്ക് ആനമുടി ചോല ദേശീയോദ്യാനം താമസസൗകര്യമൊരുക്കി. വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ മെത്താപ്പിലാണ് ലോഗ് ഹൗസും സ്റ്റോൺ ഹൗസും സജ്ജമാക്കിയിരിക്കുന്നത്.

ഇടുക്കിയിൽ നിന്ന് രതീഷ്കൃഷ്ണ....

.......വോയ്സ്........

അഞ്ഞൂറിലധികം വർഷം പഴക്കമുള്ള അപൂർവ്വ മരങ്ങളാൽ സമ്പന്നമായ മന്നവൻചോലയുടെ ഹൃദയഭാഗത്താണ് ഈ വിനോദസഞ്ചാര കേന്ദ്രം. കടുവയും പുലിയും ഉൾപ്പെടെയുള്ള വന്യജീവികളുടെ വിഹാരകേന്ദ്രമാണെങ്കിലും അതീവ സുരക്ഷിതമായാണ് ലോഗ് ഹൗസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. മറയൂർ, കാന്തല്ലൂർ, വട്ടവട മലനിരകളുടെ ആകാശക്കാഴ്ചകൾ മെത്താപ്പിലെ ഈ താമസസ്ഥലത്തുനിന്നും ദൃശ്യമാകും.

മൂന്നാറിൽ നിന്ന് വട്ടവടയിലേക്കുള്ള യാത്രയിൽ കുണ്ടള ഡാമിൽ നിന്നും ഒൻപത് കിലോമീറ്റർ സഞ്ചരിച്ചാൽ മെത്താപ്പിലെത്താം. രണ്ട് പേർക്ക് ഭക്ഷണമുൾപ്പെടെ മൂവായിരം രൂപയാണ് നിരക്ക്. പ്രകൃതിയുമായി അടുത്തുനിന്നുള്ള വേറിട്ടൊരു യാത്രാനുഭവമാണ് വനംവകുപ്പ് ഇവിടെ സഞ്ചാരികൾക്കായി കാത്തുവെച്ചിരിക്കുന്നത്.

✪✪✪

ഇന്ന് ലോക ലൂപ്പസ് ദിനം. മനുഷ്യ ശരീരത്തിലെ പ്രതിരോധ സംവിധാനം തകർക്കുന്ന ലൂപ്പസ് രോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം.

"ലൂപ്പസിനെ ദൃശ്യമാക്കുക" എന്നതാണ് ഈ വർഷത്തെ ലോക ലൂപ്പസ് ദിനാചാരണ പ്രമേയം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻസ് SC യെ നേരിടും. വൈകിട്ട് 5 ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ ചെന്നൈയിൻ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകിട്ട് ഏഴരക്ക് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് മൂന്നരയ്ക്ക് ചെന്നൈ സൂപ്പർകിംഗ്സ്, ലക്നൗ സൂപ്പർ ജയന്റ്സിനെ ചെന്നൈയിൽ നേരിടും.

മറ്റൊരു മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും, മുംബൈ ഇന്ത്യൻസും റായ്പൂരിൽ ഏറ്റുമുട്ടും.

✪✪✪

കേരളാ പ്രീമിയർ ലീഗ് ഫുട്ബോൾ സൂപ്പർ എട്ട് മത്സരത്തിൽ കാലിക്കറ്റ് FC, KSEB യെ പരാജയപ്പെടുത്തി. തൃശൂരിൽ ഒന്നിനെതിരെ രണ്ട് ഗോളിനാണ് കാലിക്കറ്റിന്റെ വിജയം. ഇതോടെ കാലിക്കറ്റ്, പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളാ FC, കർണാടകയുടെ കിക്ക് സ്റ്റാർട്ട് FC യോട് ഒരു ഗോളിന് തോറ്റു. 13 പോയിന്റുമായി ഗോകുലം അഞ്ചാം സ്ഥാനത്ത് തന്നെ തുടരുകയാണ്.

✪✪✪

സംസ്ഥാനത്തെ പ്രവാസി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിച്ച് വകുപ്പിന് മാത്രമായി മന്ത്രിയെ നിയമിക്കണമെന്ന് ഇൻഡോ അറബ് കോൺഫെഡറഷൻ കൗൺസിൽ ആവശ്യപ്പെട്ടു. UDF നേതൃത്വം ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവാസി വകുപ്പിന്റെ പ്രസക്തി മനസ്സിലാക്കി പ്രവർത്തിക്കണമെന്നും കൗൺസിൽ ആവശ്യമുന്നയിച്ചു.

✪✪✪

മോഷണങ്ങൾക്കും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ കോഴിക്കോട് കാരശേരി ഗ്രാമ പഞ്ചായത്തിലെ നെല്ലിക്കാപറമ്പിൽ ജനജാഗ്രതാ സംഗമം സംഘടിപ്പിച്ചു. എന്റെ നെല്ലിക്കാപറമ്പ് സന്നദ്ധ സേന ആവിഷ്കരിച്ച പരിപാടിയിൽ മോഷണങ്ങൾ തടയുന്നതിന് കർമ പദ്ധതികൾ ആസൂത്രണം ചെയ്തു. പ്രദേശത്ത് രാത്രികാല നിരീക്ഷണം ശക്തമാക്കാനും പോലീസ് സഹായം തേടാനും തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് G. അബ്ദുൽ അക്ബർ ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്ത്യയുടെ അഡ്വാൻസ്ഡ് അഗ്നിമിസൈലിന്റെ പറക്കൽ പരീക്ഷണം, ഇന്നലെ ഒഡീഷയിലെ ഡോ APJ അബ്ദുൾ കലാം ദ്വീപിൽ വിജയകരമായി പരീക്ഷിച്ചു. ഒരേസമയം ഒന്നിലേറെ ലക്ഷ്യങ്ങളിലേക്ക് മിസൈൽ തൊടുക്കാനാവും.

മിസൈലിന്റെ വിജയകരമായ പറക്കൽ പരീക്ഷണത്തിൽ, DRDO യെയും ഇന്ത്യൻ സൈന്യത്തെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമ കുറിപ്പിൽ അഭിനന്ദിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: അനിൽ ചന്ദ്രൻ , രജിന കെ*
*DEO: സി കെ സുബോധ്*